**ചരമോപചാരം**

പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: 14-ാം കേരള നിയമസഭയിൽ നമ്മോടൊപ്പമുണ്ടായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് 2018 ഒക്ടോബർ 20-ന് അന്തരിച്ചു. അദ്ദേഹം മഞ്ചേശ്വരം മണ്ഡലത്തിൽ നിന്നും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രതിനിധിയായാണ് നിയമസഭാംഗമായത്. ചെങ്കള ആലമ്പാടി പടിഞ്ഞാറേ മൂലയിൽ ബീരാൻ മൊയ്തീൻ ഹാജിയുടെയും ബീഫാത്തിമയുടെയും മകനായി 1955 ഒക്ടോബർ 1-ന് പി. ബി. അബ്ദുൽ റസ്സാക്ക് ജനിച്ചു.

മുസ്ലീം യൂത്ത് ലീഗിലൂടെയാണ് അദ്ദേഹം സജീവ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. 1979-ൽ മുസ്ലീം ലീഗിൽ ചേർന്ന് പ്രവർത്തിക്കുകയുണ്ടായി. മുസ്ലീം യൂത്ത് ലീഗ്, മുസ്ലീം ലീഗ് എന്നിവയുടെ ചെങ്കള പഞ്ചായത്ത് കമ്മിറ്റി ജനറൽ സെക്രട്ടറിയായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് പിന്നീട് കാസർഗോഡ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി, മുസ്ലീം ലീഗ് കാസർഗോഡ് ജില്ലാ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നീ പദവികൾ വഹിച്ചു. 2000 മുതൽ 2005 വരെ ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചു. 2005 മുതൽ 2009 വരെ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർമാനായിരുന്ന അദ്ദേഹം ഒരു വർഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രവർത്തക സമിതിയിലും നാഷണൽ എക്സിക്യൂട്ടീവിലും അദ്ദേഹം അംഗമായിരുന്നു.

സാധാരണക്കാരിൽനിന്നും പ്രമുഖ വ്യവസായിയായി മാറിയ പി. ബി. അബ്ദുൽ റസ്സാക്ക് 2011-ൽ മഞ്ചേശ്വരം മണ്ഡലത്തിൽനിന്നും ആദ്യമായി നിയമസഭയിലെത്തി. തുടർന്ന് 2016-ൽ വീണ്ടും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടിരുന്ന അദ്ദേഹം 14-ാം കേരള നിയമസഭയിൽ കന്നഡ ഭാഷയിലാണ് സത്യപ്രതിജ്ഞ ചൊല്ലിയത്. 14-ാം കേരള നിയമസഭയിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി, ഹൗസ് കമ്മിറ്റി, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി എന്നിവയിൽ അദ്ദേഹം അംഗമായിരുന്നു. കാസർഗോഡ് സംയുക്ത ജമാ-അത്ത് ആക്ടിംഗ് പ്രസിന്റായും കാസർഗോഡ് ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചെയർമാൻ, മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചുവന്നിരുന്ന അദ്ദേഹം അത്യുത്തര കേരളത്തിലെ വിദ്യാഭ്യാസ വികസന രംഗത്ത് നൽകിയ സംഭാവനകൾ

നിസ്തുലമാണ്.

കാസർഗോഡ് ജില്ലയുടെ വികസന പ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കാൻ പി. ബി. അബ്ദുൽ റസ്സാക്ക് കാട്ടിയ താല്പര്യം ശ്രദ്ധേയമായിരുന്നു. ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീട് ഒരിക്കലും മറവിയിലേയ്ക്ക് മായാത്ത ഊഷ്മള സൗഹൃദം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ലാളിത്യമായിരുന്നു ആ വ്യക്തിത്വത്തിന്റെ ഔന്നത്യം. സംസ്ഥാനത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും സജീവ ശ്രദ്ധ പതിപ്പിച്ചിരുന്ന പി. ബി. അബ്ദുൽ റസാഖിന്റെ വിയോഗത്തിലൂടെ സാധാരണക്കാർക്കൊപ്പം നിന്ന മികച്ച പൊതുപ്രവർത്തകനെയും കഴിവുറ്റ ഒരു സാമാജികനെയുമാണ് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, മഞ്ചേശ്വരത്ത് നിന്നുള്ള നിയമസഭാംഗമായിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാലത്തിലുള്ള വേർപാട് കേരളീയരെയാകെയും സഭയെയും പ്രത്യേകിച്ച് ദു:ഖത്തിലാഴ്ത്തുന്ന ഒന്നാണ്. അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. ലളിതവും സുതാര്യവുമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന

പി. ബി. അബ്ദുൽ റസ്സാക്ക്. ഏത് ഘട്ടത്തിലും ഏത് സാധാരണക്കാരനും സമീപിക്കാവുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. ഉത്തരകേരളത്തിന്റെ വികസനവും ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമൈശ്വര്യങ്ങളും എന്നും നെഞ്ചോട് ചേർത്തുപിടിച്ച പി. ബി. അബ്ദുൽ റസ്സാക്ക് ഈ നിയമസഭയുടെ ആകെ സ്നേഹാദരവുകൾ പിടിച്ചുപറ്റിയ സാമാജികനായിരുന്നു. വളരെ പെട്ടെന്ന് ഒരു പനി ബാധിക്കുകയും അടുത്ത ദിവസം തന്നെ അത് ഗുരുതരമാകുകയും തുടർന്ന് മരണപ്പെടുകയുമായിരുന്നു. ഒട്ടും പ്രതീക്ഷിക്കാതിരുന്ന വേർപാടായിരുന്നു അത്. ഈ സഭയിലെ പുഞ്ചിരിക്കുന്ന സാന്നിദ്ധ്യമാണ് അദ്ദേഹത്തിന്റേത്. അത് പൊലിഞ്ഞുപോയെന്നത് വിശ്വസിക്കുക വിഷമമാണ്. വ്യവസായ രംഗത്തായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് അർപ്പണ ബോധത്തോടെയുള്ള കഠിന പരിശ്രമങ്ങളിലൂടെയാണ് പൊതു-സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ ശ്രദ്ധേയനായി വളർന്നുവന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം മുതൽ നിയമസഭാംഗമെന്ന സ്ഥാനം വരെയെത്തി. താൻ പ്രതിനിധാനം ചെയ്ത പാർട്ടിയുടെ ദേശിയ എക്സിക്യൂട്ടീവിലും സംസ്ഥാന സമിതിയിലും ജില്ലാ ഭരണസമിതിയിലും പ്രവർത്തിച്ചു. ജില്ലാ പഞ്ചായത്ത്

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി. അദ്ദേഹം നാടിന്റെ പൊതു താല്പര്യം മുൻ നിർത്തി സേവനമനുഷ്ഠിച്ചു. ഇതേ ഘട്ടത്തിൽ തന്നെ സഹകരണ പ്രസിഡന്റ്സ് അസോസിയേഷന്റെ ജില്ലാ പ്രസിഡന്റ്, കേരള റൂറൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് വികസന സ്ഥിര സമിതിയംഗം, പി.ബി.എം. ഹൈസ്കൂൾ ചെയർമാൻ, വിവിധ സ്കൂളുകളുടെ മാനേജർ, ജമാ-അത്തുകളുടെ പ്രസിഡന്റ്, സുന്നി മഹൽ ഫെഡറേഷൻ ജില്ലാ ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചു. പൊതു പ്രവർത്തന രംഗത്ത് ഇന്ന് നഷ്ടമാകുന്ന പല മൂല്യങ്ങളുടെയും പ്രാതിനിധ്യം വഹിച്ചിരുന്ന നേതാവായിരുന്നു പി. ബി. അബ്ദുൽ റസ്സാക്ക്. ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചുകൊണ്ട് അവർക്കുവേണ്ടി പ്രവർത്തിക്കുന്നതിൽ ആമോദവും ആഹ്ലാദവും കണ്ടെത്തി ജീവിച്ച ആളും ജനഹൃദയങ്ങളിൽ ഇടം നേടിയ രാഷ്ട്രീയ നേതാവുമായിരുന്നു അദ്ദേഹം. ഒട്ടേറെ ഭാഷകൾ സംസാരിക്കുന്ന നാട്ടിൽ നിന്ന് നിയമസഭയിലെത്തിയ അദ്ദേഹം എന്നും സമൂഹത്തിലെ വൈവിദ്ധ്യസമൃദ്ധി അംഗീകരിക്കുന്ന മനസ്സുവച്ച് പുലർത്തിയിരുന്നു. നാടിനും പൊതു സമൂഹത്തിനും വലിയ നഷ്ടമാണ് ഈ വേർപാടുകൊണ്ടുണ്ടായിട്ടുള്ളത്. ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ

അർപ്പിക്കുകയും സഭയുടെ ദു:ഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങും സഭാ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കഴിഞ്ഞ സഭയിൽ നമ്മോടൊപ്പം ഉണ്ടായിരുന്ന വ്യക്തിയാണ് പി. ബി. അബ്ദുൽ റസ്സാക്ക്. ഒരു പൊതുപ്രവർത്തകന് എങ്ങനെ ജനഹൃദയങ്ങളിൽ ഇടം പിടിക്കാമെന്നുള്ളതിന് ഉത്തമ ഉദാഹരണമായിരുന്നു പി. ബി. അബ്ദുൽ റസ്സാക്ക്. താൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലവും അവിടത്തെ ജനങ്ങളും അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടതായിരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളും പൊതുപ്രവർത്തനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. മഞ്ചേശ്വരത്തിന്റെയും കാസർഗോഡിന്റെയും വികസന സ്വപ്നങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് തന്നെയായിരുന്നു സൗമ്യനും മിതഭാഷിയുമായ അദ്ദേഹം എന്നും സംസാരിച്ചിരുന്നത്. ആർ.സി.സി.-യിൽ ചികിത്സ തേടി മലബാറിൽ നിന്നും പ്രത്യേകിച്ച് കാസർഗോഡ് നിന്നും തിരുവനന്തപുരത്ത് വരുന്ന രോഗികൾക്ക് ഒരു ആശ്വാസമായിരുന്നു അദ്ദേഹമെന്നുള്ളത് എനിക്ക് നേരിട്ട്

അനുഭവമുള്ള കാര്യമാണ്. അവർക്കെല്ലാം എന്നും ഒരു സഹായ ഹസ്തമായി പി. ബി. അബ്ദുൽ റസ്സാക്ക് പ്രവർത്തിച്ചത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 8 വർഷം എം.എൽ.എ.-യും 5 വർഷം ചെങ്കള പഞ്ചായത്ത് പ്രസിഡന്റും ഒരു വർഷത്തിലധികം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായി സേവനമനുഷ്ഠിച്ച അദ്ദേഹം ജനങ്ങളിൽ നിന്നും ഉയർന്നുവന്ന നേതാവായിരുന്നു. സാധാരണ മുസ്ലീം ലീഗ് പ്രവർത്തകനായി ജീവിതം ആരംഭിച്ച് മുസ്ലീം ലീഗിന്റെ ഉന്നത തലങ്ങളിൽ വരെ പ്രവർത്തിക്കാൻ അവസരം ലഭിച്ച പൊതു പ്രവർത്തകനായിരുന്നു അദ്ദേഹം. പൂവിരിച്ച പാതയിലൂടെയുള്ള പൊതു പ്രവർത്തനത്തിലേയ്ക്ക് എത്തിയ വ്യക്തിയല്ല പി. ബി. അബ്ദുൽ റസ്സാക്ക്. കഠിനമായ അദ്ധ്വാനംകൊണ്ടും ആത്മാർത്ഥതയോടുകൂടിയ പ്രവർത്തനങ്ങൾകൊണ്ടും മുസ്ലീം ലീഗിൽ തന്റേതായ സ്ഥാനം ഉറപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഈ അടുത്ത സമയം കാസർഗോഡ് ജില്ലയിൽ രണ്ട് മരണങ്ങളാണ് പ്രധാനമായുണ്ടായത്. ഒന്ന്, ചെർക്കള അബ്ദുള്ള - ആ ജില്ലയുടെ വികസനത്തിന് വേണ്ടി പ്രവർത്തിച്ച കഠിനാദ്ധ്വാനിയായ നേതാവായിരുന്നു. രണ്ട്, പി. ബി. അബ്ദുൽ റസ്സാക്ക്. ഈ രണ്ട് മരണങ്ങളും കാസർഗോഡ് ജില്ലയുടെ

പൊതുജീവിതത്തിന് പരിക്കേൽപ്പിച്ച സംഭവങ്ങളായിരുന്നു. പി. ബി. അബ്ദുൽ റസ്സാക്ക് ആദ്യവും അവസാനവും മുൻഗണന നൽകിയിരുന്നത് തന്റെ ജില്ലയിലെ, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ ജനങ്ങളുടെ ക്ഷേമത്തിനായിരുന്നു. വളരെ സൗമ്യനും മിതഭാഷിയുമായ അദ്ദേഹം എല്ലാ രാഷ്ട്രീയ സംവാദങ്ങളിലും ഇടപെട്ട് സംസാരിക്കുന്ന ആളായിരുന്നില്ല. എന്നാൽ താൻ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഠിനാദ്ധ്വാനം ചെയ്ത പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കാസർഗോഡ് പാക്കേജ് ഉണ്ടാക്കുന്ന കാര്യത്തിൽ മുൻകൈയെടുത്ത് പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം. കന്നഡ ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനായി സഭയിൽ നിരന്തരം ശബ്ദമുയർത്തിയത് അദ്ദേഹമായിരുന്നു. കന്നഡ ഭാഷാ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യം എന്നും അദ്ദേഹം ശക്തമായി ഉന്നയിച്ചിരുന്നു. ഉപ്പള ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് മുതൽ ഉപ്പള ആസ്ഥാനമായി പുതിയ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതും എൻ.എച്ച്.-17-ൽ വാഹന പരിശോധന നടത്തുന്നതുമൂലമുണ്ടാകുന്ന

ഗതാഗതക്കുരുക്ക് ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുമാണ് അദ്ദേഹം സഭയിൽ പ്രസംഗിച്ചിട്ടുള്ളതെന്ന് ഞാൻ ഓർക്കുകയാണ്. രാഷ്ട്രീയ സംഭാഷണത്തിലല്ല, മറിച്ച് നാടിനും നാട്ടുകാർക്കും ഗുണമുണ്ടാകുന്ന കാര്യങ്ങൾക്കായിരുന്നു അദ്ദേഹം ഊന്നൽ നൽകിയത്. വർഗ്ഗീയ ശക്തികളെ കാസർഗോഡിന്റെ മണ്ണിലും മഞ്ചേശ്വരത്തും തടഞ്ഞുനിർത്തുന്നതിൽ പി. ബി. അബ്ദുൽ റസ്സാക്ക് ഒരു കോട്ടപോലെ പ്രവർത്തിച്ചുവെന്നുള്ളത് പ്രത്യേകം സ്മരണീയമായ കാര്യമാണ്. എന്നും മതേതര വാദിയെന്ന നിലയിൽ ജനങ്ങൾ ഇഷ്ടപ്പെട്ടിരുന്ന പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. സപ്തഭാഷാ സംഗമഭൂമിയായ കാസർഗോഡിന്റെ വൈവിദ്ധ്യങ്ങളെ സമന്വയിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ജനങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ജനപ്രതിനിധിയായി അദ്ദേഹത്തിന് മാറാൻ കഴിഞ്ഞത്. 2011 മുതൽ, നിയമസഭാ സാമാജികനായി എത്തിയതുമുതൽ അദ്ദേഹവുമായി വളരെയേറെ അടുത്ത് പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഒരു സഹപ്രവർത്തകനെന്നതിലുപരി സഹോദരതുല്യമായ സ്നേഹം അദ്ദേഹം എന്നും പ്രകടിപ്പിച്ചിട്ടുണ്ട്. നല്ല ഒരു പൊതു പ്രവർത്തകൻ, മാതൃകാപരമായ

ഒരു ജനസേവകൻ തുടങ്ങിയ നിലകളിലെല്ലാം കേരളം എന്നും പി. ബി. അബ്ദുൽ റസ്സാക്കിന്റെ സംഭാവനകളെ ഓർമ്മിക്കും. ഞാൻ അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞ എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായിട്ടുള്ള വേർപാട് നമുക്കെല്ലാവർക്കും അങ്ങേയറ്റം ദുഃഖമുണ്ടാക്കിയിട്ടുള്ള ഒരു സംഗതിയായിരുന്നു. നിയമസഭയിൽ നമ്മൾ എല്ലാവരും വ്യത്യസ്തമായ രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുമ്പോഴും വളരെ രൂക്ഷമായ രാഷ്ട്രീയ വാദപ്രതിവാദങ്ങളൊക്കെ നടത്തുമ്പോഴും വ്യക്തിപരമായ സ്നേഹവും ബന്ധവും സൂക്ഷിക്കുന്നുവെന്നുള്ളതാണ് നമ്മുടെ നിയമസഭയുടെ ഏറ്റവും വലിയ സൗന്ദര്യം. ആ ഒരു ബന്ധത്തിന്റെ കാര്യത്തിൽ ഒരു മാതൃകയായി പ്രവർത്തിച്ച ആളായിരുന്നു പി. ബി. അബ്ദുൽ റസ്സാക്ക്. അദ്ദേഹത്തിന്റെ ആ തൂവെള്ള വസ്ത്രവും എപ്പോഴും പുഞ്ചിരിച്ചുകൊണ്ടുവരുന്ന മുഖവും നമുക്ക് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

ഇവിടെ സൂചിപ്പിച്ചതുപോലെ നിയമസഭാ സാമാജികരായി നമ്മളൊക്കെ വിജയിച്ചുവന്നപ്പോൾ, പി. ബി. അബ്ദുൽ റസ്സാക്കിന്റെ വിജയം കേരളത്തിലെ ജനങ്ങളെല്ലാം ശ്രദ്ധിച്ചതാണ്. കാരണം വർഗ്ഗീയതയ്ക്കെതിരായി നടന്ന ഒരു വിജയമായാണ് പൊതുവെ ആളുകൾ അതിനെ വിലയിരുത്തപ്പെടുന്നത്. താഴെത്തട്ടിലുള്ള ഭരണസംവിധാനവുമായി ബന്ധപ്പെട്ടുവന്ന ഒരാളെന്ന നിലയിൽ, പഞ്ചായത്തുതലത്തിലും ജില്ലാപഞ്ചായത്തുതലത്തിലുമൊക്കെ പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയെന്ന നിലയിൽ, എം.എൽ.എ-യായി മാറിയപ്പോഴും താഴെത്തട്ടിലുള്ള ജനങ്ങളുമായുള്ള ഉറ്റ ബന്ധം കാത്തുസൂക്ഷിച്ചുവെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി എനിക്ക് തോന്നിയത്. മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ വടക്കൻ മലബാറിന്റെ വികസനം, കാസർഗോഡിന്റെ വികസനം തുടങ്ങി ഇന്ന് കാണുന്ന വികസനത്തിന്റെ കാര്യത്തിലെല്ലാം വലിയ പങ്ക് വഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. രാഷ്ട്രീയത്തെക്കാളുപരി വികസനത്തിന്റെ കാര്യം തുടങ്ങിയ പൊതുവായ കാര്യങ്ങളിലെല്ലാം ശ്രദ്ധപുലർത്തിയിരുന്ന ഒരു മാതൃകാ പൊതുപ്രവർത്തകനായിരുന്നുവെന്നുള്ളത് അദ്ദേഹത്തിന്റെ ഒരു

പ്രത്യേകതയായിരുന്നു. നമ്മുടെ എല്ലാം ഒരു സഹോദരതുല്യനായിരുന്നു. എപ്പോഴും പല കാര്യങ്ങൾക്കുവേണ്ടി മന്ത്രിയെന്ന നിലയിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ടും അല്ലാതെയും കാസർഗോഡ് ജില്ലയിൽ പോകുമ്പോഴെല്ലാം അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് എന്നെ ക്ഷണിക്കുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ പോയി ആതിഥ്യം സ്വീകരിക്കാൻ ഒരു തവണ എനിക്കവസരമുണ്ടായി. പൊതുവെ മലബാർ മേഖലയിലെ ആളുകളിൽ കാണുന്ന സ്നേഹത്തെക്കാളുപരിയായി ഒരു പ്രത്യേക സ്നേഹം അദ്ദേഹം കാണിച്ചിരുന്നത് ഞാനെന്നും ശ്രദ്ധിച്ചിരുന്നതാണ്. ഏതായാലും നമ്മുടെ പ്രിയങ്കരനായ, നമ്മുടെയൊക്കെ സുഹൃത്തായിരുന്ന സഹോദര തുല്യനായിരുന്ന ഒരു വലിയ മനുഷ്യനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ ഈ സഭയുടെ വികാരത്തോടൊപ്പം അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, സപ്ത ഭാഷകളുടെ സംഗമഭൂമിയായ അത്യുത്തര കേരളത്തിന്റെ അങ്ങേയറ്റത്തുള്ള മഞ്ചേശ്വരം നിയോജക

മണ്ഡലത്തിൽനിന്ന് സപ്ത വർണ്ണങ്ങളോടുകൂടി വിജയിച്ചുവന്ന ഒരു പ്രതിഭയായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് എല്ലാ അർത്ഥത്തിലും സാധാരണക്കാരന്റെ കൂടെനിന്ന ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ആ പ്രദേശത്തെ സ്നേഹമുള്ളവർ 'റദ്ദുച്ച' എന്നു വിളിക്കുന്ന പ്രിയപ്പെട്ട പി. ബി. അബ്ദുൽ റസ്സാക്ക് എം.എൽ.എ.-യുടെ വിയോഗം ഞങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനത്തെ സംബന്ധിച്ച് നികത്താൻ കഴിയാത്തതാണ്. കേരളത്തിനും അദ്ദേഹമൊരു തീരാനഷ്ടമാണ്. താൻ വരുന്ന പ്രദേശത്തിന്റെ വികാരങ്ങളെ നിയമസഭയിൽ പ്രകടിപ്പിക്കുക, അതിനുവേണ്ടി പൊരുതുക എന്നൊക്കെയുള്ളത് അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യമായിരുന്നു. അതുകൊണ്ടുതന്നെ ഭാഷാന്യൂനപക്ഷമായിട്ടുള്ള കന്നഡിയർക്കുവേണ്ടി അദ്ദേഹം കന്നഡ ഭാഷയിലാണ് ഇവിടെ സത്യപ്രതിജ്ഞ ചെയ്തത്. നമ്മളൊന്നും അറിയാത്ത ഒരു റദ്ദുച്ചയുണ്ട്. പാവപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി ആരും അറിയാതെ തന്റെ സമ്പത്ത് മുഴുവൻ വിനിയോഗിച്ച ഒരാളാണ്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ പൈവളികെ പഞ്ചായത്തിൽനിന്നും 80 സെന്റ് ഭൂമിയും ചെങ്കള പഞ്ചായത്തിൽനിന്നും 1.20 ഏക്കർ ഭൂമിയും ഭൂരഹിതരായ

ആളുകൾക്കുവേണ്ടി സംഭാവനയായി സർക്കാരിന് വിട്ടുകൊടുത്ത വ്യക്തിയാണ്. അതിനുപുറമെ പൈവളികെ പഞ്ചായത്തിൽ അദ്ദേഹം സ്വന്തം നിലയ്ക്ക് ഒരു പാവപ്പെട്ട കുടുംബത്തിന് 10 സെന്റ് ഭൂമി നൽകുകയും ചെയ്തു. അദ്ദേഹത്തിന് ലഭിക്കുന്ന ശമ്പളം ഉപ്പളയിലെ എസ്.ബി.ഐ. ബ്രാഞ്ചിലേയ്ക്ക് മാറ്റും. അവിടെനിന്നും ചെക്ക് കൊടുത്ത്, ഏറ്റവും പാവപ്പെട്ടവനുവേണ്ടി തന്റെ ശമ്പളത്തിന്റെ മുഴുവൻ തുകയും മാറ്റിവച്ച മറ്റൊരു ജനപ്രതിനിധിയെ നമുക്ക് കാണാൻ കഴിയുമോ എന്നെനിക്കറിയില്ല. മാത്രമല്ല, ഇവിടെ നിന്ന് നിയമസഭാ സമ്മേളനം കഴിഞ്ഞ് പോയാൽ ശനിയാഴ്ച ദിവസം തന്റെ വീടിന് മുന്നിലുള്ള എല്ലാവരേയും നേരിട്ട് കണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയതിനുശേഷമേ അദ്ദേഹം വീടിനകത്തേയ്ക്ക് കയറി ഭക്ഷണംപോലും കഴിക്കുമായിരുന്നുള്ളൂ. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ വിയോഗത്തിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ജനങ്ങൾ മുഴുവൻ പൊട്ടിക്കരഞ്ഞത്. നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് വോട്ടെണ്ണുന്ന സമയത്ത് വോട്ടെണ്ണുന്ന സ്ഥലത്ത് വന്നുനിന്ന് 89 വോട്ടിന് ജയിച്ചുവെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം പൊട്ടിക്കരയുകയുണ്ടായി. 'കേരളത്തിന്റെ മണ്ണിൽ മതേതരത്വത്തിന്റെ

കൊടിക്കുറ ഞാനിതാ ഉയർത്തിയിരിക്കുന്നു' എന്ന സന്തോഷത്തിന്റെ ബാഷ്പബിന്ദുക്കളാണ് അദ്ദേഹത്തിന്റെ കണ്ണിൽനിന്നും പൊഴിഞ്ഞത്. കേരളത്തെ മുഴുവൻ വർഗ്ഗീയതയിൽനിന്നും ഫാസിസത്തിൽനിന്നും ചെറുത്ത് തോൽപ്പിക്കുന്നതിനുവേണ്ടി മതനിരപേക്ഷതയുടെ കൊടിക്കുറ അത്യുത്തര കേരളത്തിൽ ഉയർത്തിപ്പിടിച്ചത് നമ്മുടെ പ്രിയപ്പെട്ട 'റദ്ദുച്ച'യാണ് എന്നുപറയാനും ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്. ഞങ്ങൾക്ക് രണ്ട് തീരാനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ചെർക്കളം അബ്ദുള്ള സാഹിബിന്റെ വിയോഗം കഴിഞ്ഞ്, എങ്ങനെ അതിൽനിന്നും മുക്തമാകുമെന്ന് ആലോചിച്ചിരിക്കെയാണ് പെട്ടെന്ന് പി. ബി. അബ്ദുൽ റസ്സാക്ക് സാഹിബും നമ്മെ വിട്ടുപിരിഞ്ഞുപോയിട്ടുള്ളത്. അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ വികാരത്തോടൊപ്പം നിൽക്കുന്നു. ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായതും പാർട്ടിയുടെയും നഷ്ടമാണ്. എന്നാൽ അത് കേരളത്തിന്റെ നഷ്ടമാണെന്ന് ബോധ്യപ്പെടുത്തുന്ന ഒരു ചരമോപചാരമാണ് ഇവിടെ നടന്നത്. അതിൽ ഞങ്ങളുടെ പാർട്ടിയുടെ അങ്ങേയറ്റത്തെ നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, ആഴ്ചതോറും ട്രെയിനിൽ നിയമസഭയിലേയ്ക്ക് വന്നിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് മലബാർ ഭാഗത്തുനിന്നു വരുന്ന മറ്റ് എം.എൽ.എ.-മാരെ കാത്തിരിക്കുമായിരുന്നു. ട്രെയിൻ ഏതാണ്ട് കോഴിക്കോട് കഴിഞ്ഞതിനുശേഷമാണ് അദ്ദേഹം ഉറങ്ങാറുണ്ടായിരുന്നത്. ഞങ്ങളെല്ലാവരും ഒരുമിച്ചുവരുന്ന ദിവസങ്ങളിൽ വളരെ രസകരമായി സംസാരിക്കുമായിരുന്ന അദ്ദേഹത്തെ ഞാൻ ഓർക്കുന്നു. അതുപോലെ അദ്ദേഹത്തിന്റെ മകന്റെ വിവാഹത്തിൽ പങ്കെടുക്കാൻ പോയപ്പോഴാണ് അദ്ദേഹം നല്ലൊരു കലാകാരനാണെന്ന് മനസ്സിലാക്കാൻ സാധിച്ചത്. അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ചെന്നപ്പോൾ, സമയം വൈകിയിട്ടുപോലും ആയിരക്കണക്കിനാളുകൾ അവിടെ തടിച്ചുകൂടിയിരുന്നത് അദ്ദേഹത്തിന് സ്വന്തം നാട്ടിലുള്ള അംഗീകാരം വ്യക്തമാക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ഉൾപ്പെടെ ഞങ്ങളെല്ലാവരും വരുന്ന അവസരത്തിൽ, എല്ലാവരും ഭക്ഷണം

കഴിച്ചോയെന്ന് തമാശയ്ക്ക് അന്വേഷിക്കുന്ന ആ സുഹൃത്ത്, എന്റെ ഫ്ലാറ്റിന്റെ തൊട്ടടുത്ത മുറിയിൽ താമസിച്ചിരുന്ന അദ്ദേഹം, എന്നും എന്നെപ്പോലുള്ളവരെ ശ്രദ്ധിക്കുന്ന ആ നല്ല മനുഷ്യന്റെ വേർപാടിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റുനേതാക്കളും പ്രകടിപ്പിച്ച വേദനയിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, മഞ്ചേശ്വരം എം.എൽ.എ. ആയിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിൻെറ വേർപാട് നമ്മുടെ നിയമസഭയ്ക്കും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും കേരളത്തിലെ പൊതുപ്രവർത്തനരംഗത്തും വരുത്തിയിട്ടുള്ള നഷ്ടം അപരിഹാര്യമാണ്. വാസ്തവത്തിൽ അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ, അദ്ദേഹം എപ്പോഴും പ്രസന്ന വദനനായിരുന്നു. നമ്മൾ ഓരോരുത്തരെയും കാണുമ്പോൾ പുഞ്ചിരിച്ചുകൊണ്ട് സമീപിക്കുന്ന പി. ബി. അബ്ദുൽ റസ്സാക്കിൻെറ മുഖം നമ്മുടെ മനസ്സിൽ ഇപ്പോഴും തങ്ങിനിൽക്കുന്നു. പ്രധാനമായും മതേതരത്വത്തിൻെറ മുഖമായിരുന്നു അദ്ദേഹത്തിന്റേത്. അതുപോലെ പാവപ്പെട്ടവരുടെ അത്താണിയായിരുന്നു. പാവപ്പെട്ടവരെ സഹായിക്കാൻ അദ്ദേഹം എപ്പോഴും നല്ല പദ്ധതികൾ കാഴ്ചവച്ചിരുന്നു. എപ്പോഴും

പാവപ്പെട്ടവരോടൊപ്പം ജീവിച്ച് പാവപ്പെട്ടവർക്കുവേണ്ടി സമർപ്പണം ചെയ്ത ഒരു പൊതുപ്രവർത്തകനായിരുന്നു. അതുപോലെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൻെറ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി അദ്ദേഹം ചെയ്ത കാര്യങ്ങൾ എത്രയോ വലുതാണ്. അത് അവിടത്തെ ജനങ്ങൾ ഒരിക്കലും മറക്കുകയില്ല. അത്രമാത്രം നിസ്വാർത്ഥമായി സേവനം ചെയ്ത ഒരു വ്യക്തിയായിരുന്നു അദ്ദേഹം എന്ന് ഞാൻ പ്രത്യേകം പറയട്ടെ, കെ.ആർ.എസ്.യു. ഡയറക്ടർ, കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എന്നീ നിലകളിൽ അദ്ദേഹം മികച്ച പൊതുജന സേവനം കാഴ്ചവച്ചിരുന്നു. അതുപോലെതന്നെ മഞ്ചേശ്വരത്തെ വിവിധ സ്കൂളുകളിൽ ചെയർമാൻ സ്ഥാനം വഹിച്ചുകൊണ്ട് അദ്ദേഹം മണ്ഡലത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനായി വളരെയേറെ സംഭാവനകൾ നൽകുകയുണ്ടായി. മുസ്ലീം ലീഗ് നാഷണൽ എക്സിക്യൂട്ടീവ് അംഗം, സംസ്ഥാന മുസ്ലീം ലീഗ് പ്രവർത്തക സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം മുസ്ലീം ലീഗിന്റെ കാസർഗോഡ് ജില്ലയിലെ മുഖമായിരുന്നു. തികഞ്ഞ പ്രതിച്ഛായയും, വ്യക്തിമുദ്രയും കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ വേർപാടിൽ ഉണ്ടായിരിക്കുന്ന സങ്കടത്തിൽ ഞാനും എന്റെ

പാർട്ടിയും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, പതിനാലാം കേരള നിയമസഭയിൽ നമ്മോടൊപ്പമുണ്ടായിരുന്ന നമ്മുടെ പ്രിയപ്പെട്ട സഹോദരൻ പി. ബി. അബ്ദുൽ റസ്സാക്ക്, അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ല. ഏഴ് വർഷക്കാലം എം.എൽ.എ. ആയി ഒരു നാടിന്റെ വികസനത്തിനുവേണ്ടി ഒരുപാട് നന്മകൾ ചെയ്യാൻ കഴിഞ്ഞു. സൗമ്യമായ പെരുമാറ്റം, ജനാധിപത്യത്തിലുള്ള അടിയുറച്ച വിശ്വാസം; അതുകൊണ്ട് തന്നെയാണ് ശക്തമായ തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ കാസർഗോഡുള്ള ജനങ്ങൾ അദ്ദേഹത്തെ വിജയിപ്പിച്ചത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ, അദ്ദേഹത്തിന്റെ കുടുംബത്തോടും ബന്ധുമിത്രാദികളോടുമൊപ്പം എൻ.സി.പി. സംസ്ഥാന കമ്മിറ്റിയുടെ പേരിലും പാർലമെന്ററി പാർട്ടിയുടെ പേരിലും ഞങ്ങൾക്കുള്ളതായ അനുശോചനം അറിയിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പതിനാലാം കേരള നിയമസഭയിൽ വീണ്ടുമൊരു ചരമോപചാരമർപ്പിക്കേണ്ട ദുഃഖകരമായ ഒരു സാഹചര്യത്തിൽ നമ്മൾ എത്തിയിരിക്കുകയാണ്. പ്രിയപ്പെട്ട പി. ബി. അബ്ദുൽ റസ്സാക്കിന്റെ

ദേഹവിയോഗം, അത് ഉയർത്തിയിരിക്കുന്ന വേർപാട്, വിടവ് ഇവിടെ അങ്ങ് ഉൾപ്പെടെ ഉയർത്തിയ പൊതുവായ വികാരത്തോട് ഞാനും ചേർന്ന് നിൽക്കുകയാണ്. വളരെ സൗമ്യമായ സമീപനമാണ് അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം കടന്നുവരുന്നത്. ഒരിക്കൽപ്പോലും അദ്ദേഹത്തെ ക്ഷുഭിതനായി കണ്ട സന്ദർഭം ഇവിടെ ആർക്കും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ജനങ്ങളോടുള്ള പ്രതിബദ്ധത, ഭാഷാ ന്യൂനപക്ഷങ്ങളോടുള്ള പ്രതിബദ്ധതയൊക്കെ അദ്ദേഹത്തിന്റെ വാക്കുകളിൽ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. വ്യവസായി എന്ന നിലയിൽനിന്ന് ഒരു സാമൂഹിക പൊതു പ്രവർത്തകനായി അദ്ദേഹം മാറുകയായിരുന്നു. വ്യവസായി എന്ന നിലയിൽ നിൽക്കുമ്പോൾ തന്നെ ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ താൽപ്പര്യവും, സാധാരണക്കാരോടും, പാവപ്പെട്ടവരോടുമുള്ള പ്രതിബദ്ധതയും വാക്കുകളിലൂടെയല്ലാതെ പ്രവർത്തികളിലൂടെ അദ്ദേഹത്തിന് പലവട്ടം തെളിയിക്കുവാൻ കഴിഞ്ഞു. തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷ പദവിയിൽനിന്ന് എം.എൽ.എ. ആയി വരാൻ കഴിഞ്ഞത് സ്വപ്രയത്നത്താലാണ്. ഇവിടെ ശ്രീ. എം. കെ. മുനീർ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ വേർപാട് മുസ്ലീം ലീഗിന് മാത്രമല്ല കാസർഗോഡ് ജില്ലയ്ക്കും

പൊതു സമൂഹത്തിനും വലിയൊരു നഷ്ടം തന്നെയാണ്. മതേതരത്വത്തിൻെറ ഒരു ഉദാഹരണമായി അദ്ദേഹമെന്നും നമ്മുടെയിടയിൽ ഈ സംസ്ഥാനത്ത് ഉയർന്ന് നിൽക്കും എന്നതിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. എന്റെയും പാർട്ടിയുടേയും അനുശോചനം ഇവിടെ രേഖപ്പെടുത്തുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവർ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാനും ആത്മാർത്ഥമായി യോജിക്കുകയാണ്. സഭാംഗമായ പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാല ദേഹവിയോഗം വരുത്തിവച്ച ദുഃഖം ഘനീഭവിച്ചുനിൽക്കുന്ന ഈ അന്തരീക്ഷത്തിൽ ദീർഘമായ വാക്കുകൾക്ക് പ്രസക്തിയില്ലെന്ന് ഞാൻ കരുതുകയാണ്. നിയമസഭാംഗമാകുന്നതിനുമുമ്പുതന്നെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രധാനപ്പെട്ട പ്രവർത്തകരിൽ ഊർജ്ജസ്വലനായ യുവാവായിരുന്നു അന്ന് അദ്ദേഹം. ആ പ്രദേശത്തെ പ്രതിനിധാനം ചെയ്യാൻ കഴിഞ്ഞ കാലത്ത് ആരംഭിച്ച ആ സൗഹൃദ ബന്ധം എപ്പോഴും തുടരുമായിരുന്നു. എം.എൽ.എ.

ആകുന്നതിനുമുമ്പുതന്നെ ആ പ്രദേശത്തിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യത്തോടുകൂടി പ്രവർത്തിച്ചിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാലത്തിൽ സംഭവിച്ച ദേഹവിയോഗം തീരാത്ത നഷ്ടമാണ്. പ്രത്യേകിച്ച് നമ്മുടെ നാടിന്റെ ജനാധിപത്യ മതേതര മൂല്യങ്ങൾ സംരക്ഷിക്കാനുള്ള കൂട്ടായ മുന്നേറ്റത്തിന്റെ പാതയിൽ പി. ബി. അബ്ദുൽ റസ്സാക്കിന്റെകൂടി പങ്കാളിത്തമുണ്ടാകേണ്ട ഒരു അനിവാര്യമായ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദേഹവിയോഗം അത്യഗാധമാണ്. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്കുമുമ്പിൽ എന്റെ വിനയനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിന്റെ വടക്കേയറ്റം കന്നട ഭാഷ സംസാരിക്കുന്ന ധാരാളം ആളുകളുള്ള പ്രദേശമാണ്. ആ പ്രദേശത്തെ ആളുകൾ കർണ്ണാടകയിൽ ചേരണം എന്നുള്ള ഒരു മൂവ്മെന്റ് അവിടെ തുടങ്ങിയിരുന്നു. ആ സമയത്ത് കർണ്ണാടകയിൽ ചേരുകയല്ല, കേരളത്തിൽത്തന്നെ തുടരണമെന്ന അഭിപ്രായം ശക്തമായി വരികയും അതിനുവേണ്ടി കാസർഗോഡ് ജില്ല രൂപീകരിക്കുകയും ചെയ്തു വലിയ സംഭവമുണ്ടായിട്ടുള്ളത് നമുക്കറിയാം. ഇതിനൊക്കെ വലിയ പങ്ക്

വഹിച്ചിട്ടുള്ളതാണ് അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും. കേരളത്തിന്റെ ഭാഗമായി നിൽക്കാൻ സഹായിച്ചുവെന്നുള്ളതുമാത്രമല്ല, അവിടെ പ്രധാനപ്പെട്ട രാഷ്ട്രീയ പ്രതിയോഗികളായി മത്സരിക്കുന്നത് ബി.ജെ.പി. അല്ലെങ്കിൽ ജനസംഘം, അതുപോലെതന്നെയാണ് മുസ്ലീം ലീഗും. എല്ലാ ഇലക്ഷനിലും ഇവർ തമ്മിലായിരുന്നു പ്രധാന പോരാട്ടം. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിൽത്തന്നെ വ്യക്തിപരമായോ സാമൂഹ്യമായോ യാതൊരു സംഘർഷവുമില്ലാതെ തികച്ചും ജനാധിപത്യപരമായ രീതിയിൽ അത് കൈകാര്യം ചെയ്യുന്ന കാര്യത്തിൽ മുൻകയ്യെടുത്ത് പ്രവർത്തിച്ചിട്ടുള്ള മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, പി. ബി. അബ്ദുൽ റസ്സാക്ക് എന്ന സഹപ്രവർത്തകൻ, സഹോദരൻ നമ്മെ വിട്ടുപിരിഞ്ഞുവെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. ബഹുമാന്യനായ സ്പീക്കറുടെ വാക്കുകൾ കടമെടുക്കുകയാണ്. ഒരിക്കൽ പരിചയപ്പെട്ടവർ ഒരിക്കലും മറക്കാത്ത സ്നേഹനിധിയായ ഒരു നല്ല മനുഷ്യൻ. അദ്ദേഹത്തെ ഡോ. എം. കെ. മുനീർ

പറഞ്ഞതുപോലെ 'റദ്ദുച്ച' എന്നുവിളിക്കും. ആ മനുഷ്യസ്നേഹിയോടുള്ള മറ്റുള്ളവരുടെ അറ്റാച്മെന്റ് ആ വിളിപ്പേരിൽത്തന്നെയുണ്ട്. എത്രത്തോളം ജനങ്ങളും സഹപ്രവർത്തകരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നുവെന്നതും ആ വിളിപ്പേരിലുണ്ട്. നമ്മൾ ഒരു വ്യക്തിയെ പരിചയപ്പെടുമ്പോൾ അദ്ദേഹത്തിന്റെ കാലങ്ങൾക്കപ്പുറവും നമ്മുടെ മനസ്സിന്റെയുള്ളിൽ ഒരു ചിത്രം നമ്മൾ ചില്ലിട്ട് സൂക്ഷിക്കും. അതിന് കാരണം ആ വ്യക്തി എങ്ങനെ നമ്മളോട് പെരുമാറിയിരുന്നുവെന്നുള്ളതാണ്. ഒരു വ്യക്തിയെന്ന നിലയിൽ നമ്മൾ മറ്റുള്ളവരോട് എങ്ങനെയാണ് സമീപിക്കുന്നത് എന്നതിന് അദ്ദേഹത്തെക്കുറിച്ചോർക്കുമ്പോൾ എല്ലാ കാലത്തും, നമുക്ക് ജീവനുള്ള കാലത്തോളം നമ്മൾ മനസ്സിൽ ചില്ലിട്ട് സൂക്ഷിക്കുന്ന ചിത്രമുണ്ട്. ആ ചിത്രം സുസ്മേരവദനനായ 'റദ്ദുച്ച'യുടേതാണ്. അദ്ദേഹം ഒരു കാര്യം ആവശ്യപ്പെട്ടാൽ ഒരു മന്ത്രിയോ മറ്റൊരു സഹപ്രവർത്തകനോ ഒരുദ്യോഗസ്ഥനോ 'നോ' എന്നുപറയാൻ കഴിയാത്ത തരത്തിലുള്ള സൗമ്യ സാന്നിദ്ധ്യമായിരുന്നു. മതന്യൂനപക്ഷങ്ങളുടെയും ഭാഷാ ന്യൂനപക്ഷങ്ങളുടെയും മതേതരത്വത്തിന്റെയും കാവൽ ഭടനായി നിന്നുകൊണ്ട് ഭാരതത്തിന്റെ, കേരളത്തിന്റെ മതേതര ജനാധിപത്യത്തിന്റെ ശ്രീകോവിലിനുള്ളിൽ ഒരു

വലിയ കൊടിക്കൂറയായി ഉയർത്തിപ്പിടിച്ച ഒരു നല്ല നേതാവ്, അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് വിജയങ്ങൾ എപ്പോഴും മതേതരത്വത്തിനുവേണ്ടിയുള്ള വിജയങ്ങളായിരുന്നു. ഒരു മാതൃകാ രാഷ്ട്രീയ പ്രവർത്തകനെന്നുപറയുമ്പോൾ അദ്ദേഹം വ്യവസായിയായി വളർന്ന്, സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുകയും ജീവിക്കുകയും കാസർഗോഡ് ജില്ലയുടെ വികസനത്തിനുവേണ്ടി മാത്രമല്ല, അവിടത്തെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും സർക്കാരിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് വാങ്ങിക്കൊടുക്കുന്നതിനപ്പുറം സ്വന്തം സ്വത്ത്-സമ്പാദ്യങ്ങൾ ഉപയോഗിച്ചുപോലും പാവപ്പെട്ടവരെ സഹായിക്കാനുള്ള വലിയ മനസ്സ് കാണിച്ച ഒരു വ്യക്തിത്വം നമ്മോടൊപ്പം ഈ സഭയിലുണ്ടായിരുന്നുവെന്ന് പറയുന്നതുതന്നെ വളരെ അഭിമാനകരമായ ഒരു കാര്യമാണ്. പി. ബി. അബ്ദുൽ റസ്സാക്കിന്റെ വേർപാടിൽ അദ്ദേഹത്തിന്റെ നാട്ടുകാർക്കും കുടുംബാംഗങ്ങൾക്കുമൊക്കെ ഉണ്ടായ ദുഃഖത്തിൽ ഈ സഭ പങ്കുചേരുമ്പോൾ ഈ സഭയിലെ എല്ലാവരും രേഖപ്പെടുത്തിയ ദുഃഖത്തോടൊപ്പം എന്റെ പാർട്ടിയുടെയും എന്റെയും വ്യക്തിപരമായ അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന്

നിത്യശാന്തി നേരുന്നു.

<u>ശ്രീ. എൻ. വിജയൻപിള്ള</u>: സർ, പി. ബി. അബ്ദുൽ റസ്സാഖിന്റെ, നമ്മുടെ പ്രിയപ്പെട്ട സുഹൃത്തിന്റെ അകാല നിര്യാണത്തിൽ ഞാനും ഈ സഭയോടൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നു. ഈ സഭയിൽ വന്നതിനുശേഷമാണ് അദ്ദേഹത്തെ എനിക്ക് പരിചയപ്പെടാൻ കഴിഞ്ഞത്. സുസ്മേരവദനനായി നല്ലതുപോലെ ചിരിച്ച് നമ്മളോടൊക്കെ സഹകരിച്ച ഏറ്റവും പ്രിയപ്പെട്ട സുഹൃത്തായിരുന്നു പി. ബി. അബ്ദുൽ റസ്സാക്ക്. ഇവിടെ സഭാ നേതാവും പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട സ്പീക്കറും മറ്റ് കക്ഷിനേതാക്കാളുമെല്ലാം പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ 7 വർഷത്തെ എം.എൽ.എ. എന്ന നിലയിലുള്ള ജീവിതത്തിലൂടെ കാസർഗോഡ് ജില്ലയ്ക്കും അദ്ദേഹത്തിന്റെ മണ്ഡലത്തിനും ധാരാളം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് അതിൽനിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. തീർച്ചയായും സൗമ്യനും സുസ്മേരവദനനുമായ നമ്മുടെയെല്ലാം പ്രിയപ്പെട്ട സുഹൃത്തായിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ഈ സഭയോടുമൊപ്പം ഞാനും അഗാധമായ ദുഃഖം

പങ്കിട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെയല്ലാം സഹോദരനായിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയാണ്. സഭയുടെ നാഥനായ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായങ്ങളോട് 100 ശതമാനം യോജിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവം, പ്രവർത്തനം എന്നിവ ഇവിടെ എല്ലാവരും സൂചിപ്പിച്ചുകഴിഞ്ഞു. ആരും പറയാത്ത ഒരു ചെറിയ കാര്യം മാത്രം ഞാൻ സൂചിപ്പിക്കാം. നല്ല വിദ്യാഭ്യാസ വിദഗ്ധനും പൊതുപ്രവർത്തകനും ജില്ലാ പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത് പ്രതിനിധി, എം.എൽ.എ. എന്നീ നിലകളിലെല്ലാം അദ്ദേഹം ജനസേവനം നടത്തി. പക്ഷെ ആരും പറയാത്ത ഒരു കാര്യം മറ്റൊന്നുമല്ല. അദ്ദേഹം നല്ലൊരു ബിസിനസുകാരൻകൂടിയായിരുന്നു. ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടതുതന്നെ അങ്ങനെയാണ്. മുണ്ടക്കയം ഗ്രാമപഞ്ചായത്തുമായി ഒരു ജോയിന്റ് വെഞ്ച്വർ പ്രോഗ്രാം നടത്താൻ മുണ്ടക്കയത്ത് എത്തിയപ്പോഴാണ് അദ്ദേഹം ബിസിനസ് രംഗത്തും അതിപ്രഗത്ഭനാണ് എന്ന് ഞാൻ

മനസ്സിലാക്കിയത്. അദ്ദേഹത്തിന്റെ നിര്യാണം ഈ സംസ്ഥാനത്തിന് വലിയ നഷ്ടമാണ് എന്ന കാര്യത്തിലൊരു സംശയവുമില്ല. ആ നഷ്ടത്തിൽ ഞാൻ ഏറ്റവും പ്രാമുഖ്യം കൊടുക്കുന്നത് മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള അദ്ദേഹത്തിന്റെ പോരാട്ടമാണ്. മുസ്ലീം ലീഗിന്റെ പ്രതിനിധിയാണ് അദ്ദേഹം. അതോടൊപ്പം എല്ലാ മതവിഭാഗങ്ങളെയും ഒന്നിപ്പിച്ചുകൊണ്ടുപോകാനും വർഗ്ഗീയ ശക്തികൾ ആരൊക്കെയാണോ അവർക്കെതിരായി നിലപാട് സ്വീകരിക്കാനും മടി കാണിക്കാത്ത വലിയ മനസ്സിന്റെ ഉടമയായിരുന്നു പ്രിയങ്കരനായ പി. ബി. അബ്ദുൽ റസ്സാക്ക്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും പാർട്ടിയോടും എന്റെ ദുഃഖം അറിയിക്കുകയാണ്.

മി. സ്പീക്കർ: അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 നവംബർ 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.33-ന് പിരിഞ്ഞു.)

******